കാസർഗോഡ് ജില്ലയിലെ പദ്ധതികൾ

52 (2253) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർകോട് ജില്ലയിൽ ഊർജ്ജ വകുപ്പിന് കീഴിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ജില്ലയിലെ രൂക്ഷമായ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് പറയാമോ;

(സി) ഉപഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് സെക്ഷൻ ഓഫീസുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) സെക്ഷൻ ഓഫീസുകളുടെ രൂപീകരണത്തിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഇ) ജില്ലയിൽ പുതിയ എത്ര തസ്തികകളാണ് സൃഷ്ടിച്ചതെന്ന് തസ്തിക, ഓഫീസ് തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) വിതരണ മേഖലയിൽ 407.034 കി.മീ. 11 കെ.വി ലൈൻ വലിച്ച് 625 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 884.183 കി.മീ. എൽ.റ്റി ലൈൻ വലിച്ച് 76848 പേർക്ക് വൈദ്യുതി കണക്ഷൻ നൽകുകയുമുണ്ടായി. കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ആർ.ജി.ജി.വി.വൈ പദ്ധതിയിലുൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ 85.796 കി.മീ 11 കെ.വി. ലൈൻ വലിച്ച് 96 എണ്ണം 25 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 360.867 കി.മീ എൽ.റ്റി. ലൈൻ വലിച്ച് 6616 ബി.പി.എൽ. ഉപഭോക്താക്കൾക്കും 403 എ.പി.എൽ. വിഭാഗത്തിലുൾപ്പെടുന്ന ഉപഭോക്താക്കൾക്കും സൗജന്യ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇതുകൂടാതെ കാസർഗോഡ് ജില്ലയിൽ പടന്നക്കാട്, പെർള എന്നിവിടങ്ങളിൽ പുതിയ സെക്ഷൻ അനുവദിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ബദിയടുക്ക സെക്ഷന്റേയും മാവുങ്കൽ സെക്ഷന്റേയും പ്രവർത്തനം സ്വന്തം കെട്ടിടങ്ങളിലേയ്ക്ക് മാറ്റി.

1. കാഞ്ഞങ്ങാട് 110 കെ.വി സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പഴയ 10 MVA-യുടെ രണ്ട് ട്രാൻസ്ഫോർമറുകൾ മാറ്റി 12.5 MVA-യുടെ രണ്ട് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

2. കാസർഗോഡ് 110 കെ.വി സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പഴയ 10 MVA- യുടെ ഒരു ട്രാൻസ്ഫോർമർ മാറ്റി 20 MVA-യുടെ ട്രാൻസ്ഫോർമർ സ്ഥാപിച്ചു. രണ്ടാമത്തെ 10 MVA ട്രാൻസ്ഫോർമറിനുപകരം പുതിയ 20 MVA ട്രാൻസ്ഫോർമർ മാറ്റി സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ട്രാൻസ്ഫോർമറുകൾ ലഭ്യമായാലുടൻ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതാണ്.

3. ബേളൂർ 33 കെ.വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി രണ്ടാമത്തെ 5 MVA ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

4. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി മൈലാട്ടി 220 കെ.വി സബ്സ്റ്റേഷനിലെ കേടായ കപ്പാസിറ്റർ യൂണിറ്റ് മാറ്റി സ്ഥാപിച്ചു. കേടായ 10 MVA ട്രാൻസ്ഫോർമർ മാറ്റി പുതിയ 12.5 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.

(ബി) കാസർഗോഡ് ജില്ലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ പുതിയ 11 കെ.വി. ലൈൻ വലിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന ജോലികളും സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കുന്നതുമായ ജോലികളും കെ.എസ്.ഇ.ബി.എൽ.ന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാക്രമം അനുസരിച്ച് നടപ്പിലാക്കി വരുന്നു. പ്രസരണ മേഖലയെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കാഞ്ഞങ്ങാട് ടൗൺ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പുരോഗമിക്കുന്നു.

2. കാസർഗോഡ് ടൗൺ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പുരോഗമിക്കുന്നു.

3. രാജപുരം 33 കെ.വി സബ്സ്റ്റേഷനുവേണ്ടി സ്ഥലം ഏറ്റെടുത്തു. നിർമ്മാണ പ്രവൃത്തികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

4. മൈലാട്ടി മുതൽ തവിടുഗോളി വരെയുള്ള പഴകിയ 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈൻ ഇരട്ടിയാക്കുന്ന പ്രവൃത്തി ആരംഭിച്ചു.

5. ബദിയടുക്ക 33 കെ.വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി രണ്ടാമത്തെ 5 MVA ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലി ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

6. അരിക്കോട് 400 കെ.വി. സബ്സ്റ്റേഷൻ കമ്മീഷൻ ചെയ്യുതോടുകൂടി കാസർഗോഡ് ജില്ല നേരിടുന്ന വോൾട്ടേജ് ക്ഷാമത്തിന് വലിയൊരളവുവരെ പരിഹാരമായിട്ടുണ്ട്.

ജില്ലയിലെ മാലോത്തി ജലവൈദ്യുത പദ്ധതി ഇ.എം.സി. മുഖാന്തിരം CPP/IPP വഴി നടപ്പിലാക്കാൻവേണ്ട നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പനത്തടി (2.8 MW) പദ്ധതിയുടെ വിശദമായ പഠന റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് ശേഷിയുള്ള സോളാർ പാർക്ക് പദ്ധതി നടപ്പിലാക്കാനായി കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി സ്ഥാപിക്കാനായി കേരള സർക്കാർ ഒന്നാംഘട്ടമായി 487.71 ഏക്കർ ഭൂമി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

(സി) കാസർഗോഡ് ജില്ലയിൽ പടന്നക്കാട്, പെർള എന്നിവിടങ്ങളിൽ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

(ഡി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധിയിലുള്ള ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി (25000 ഉപഭോക്താക്കൾ/50 ചതുരശ്ര കിലോമീറ്റർ അഥവാ 20000 ഉപഭോക്താക്കൾ/100 ചതുരശ്ര കിലോമീറ്റർ), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്.

(ഇ) കാസർഗോഡ് ജില്ലയിൽ 120 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്

ക്രമ നമ്പർ	ഓഫീസ്	ഇലക്ട്രിസിറ്റി വർക്കർ	ലൈൻമാൻ	ഓവർസിയർ
1.	ഇലക്ട്രിക്കൽ സെക്ഷൻ ചാത്തഞ്ചാൽ	6	12	6
2.	ഇലക്ട്രിക്കൽ സെക്ഷൻ, ബാലംതോട്	6	12	6
3.	ഇലക്ട്രിക്കൽ സെക്ഷൻ, പെരിയ ബസാർ	6	12	6
4.	ഇലക്ട്രിക്കൽ സെക്ഷൻ, പെർല	6	12	6
5.	ഇലക്ട്രിക്കൽ സെക്ഷൻ, പടന്നക്കാട്	6	12	6
	ആകെ	30	60	30

LIBRARY ARCHIVES Kerala Legislative Assembly